**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1661** **19-09-2025 - ൽ മറുപടിയ്ക്ക്**

**കുളത്തൂപ്പുഴയിലെ സർക്കാർ പുറമ്പോക്ക് ഭൂമി കൈമാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ താലൂക്കിൽ കുളത്തൂപ്പുഴയിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ഭൂമിയോട് ചേർന്ന് ഉള്ള സർക്കാർ പുറമ്പോക്ക് സ്ഥലത്ത് നിന്നും കെ.എസ്.ഇ.ബി.യുടെ കൈവശമുള്ള പത്തൊമ്പത് സെൻറ് സ്ഥലം കെ.എസ്.ഇ.ബി. ക്ക് കൈമാറ്റുന്നതിന് ബഹു. ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്മേൽ തുടർനടപടികൾ എടുത്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; പ്രസ്തുത ഫയൽ ആരുടെ പരിഗണനയിൽ ആണെന്നും ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ; | (എ) | കുളത്തൂപ്പുഴ വില്ലേജിൽ സർവേ നമ്പർ 892/11- ൽ KSEB കൈവശം വച്ച് വരുന്ന 19 സെന്റ് സ്ഥലം സൗജന്യമായോ, ന്യായവില ഈടാക്കിക്കൊണ്ടോ KSEB-യുടെ പേരിൽ പതിച്ച് നൽകണമെന്ന ആവശ്യം ഊർജ വകുപ്പ് മുഖേന (B3/70/2021/Power) ലഭിച്ചിരുന്നു. പ്രസ്തുത ആവശ്യം റവന്യൂ വകുപ്പ് (M1/114/2021/REV) പരിശോധിക്കുകയും, KSEB പോലെ ഒരു പൊതുമേഖലാ സ്ഥാപനത്തിന് ഭൂമി പാട്ടത്തിന് നൽകാൻ മാത്രമേ സാധിക്കൂ എന്നുള്ളതിനാൽ, പ്രസ്തുത ഭൂമി പാട്ടത്തിന് ലഭിക്കുന്നതിനായി ഉചിത മാർഗേനയുള്ള പാട്ടം പ്രൊപോസൽ സമർപ്പിക്കേണ്ടതാണെന്ന വിവരം ഊർജ്ജ വകുപ്പിനെ അറിയിച്ചിട്ടുള്ളതുമാണ്. ലീസ് പ്രൊപോസൽ ലഭിച്ചിട്ടില്ല. |
| (ബി) | പുനലൂർ താലൂക്കിൽ കുളത്തൂപ്പുഴയിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ഭൂമിയിൽ നിന്നും കുളത്തൂപ്പുഴ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി ഭൂമി ആവശ്യപ്പെട്ടുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നുവോയെന്ന് അറിയിക്കാമോ; എങ്കിൽ പ്രസ്തുത ഫയലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കുളത്തൂപ്പുഴ വില്ലേജിൽ സർവ്വേ 892/13-ൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 06.07 ആർസ് ഭൂമി കുളത്തൂപ്പുഴ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടനിർമ്മാണത്തിനായി ആവശ്യപ്പെട്ടുകൊണ്ടുള്ള അർത്ഥനാപത്രം കൊല്ലം ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുള്ളതും ആയത് ആർ.ഡി.ഓ മുഖേന പരിശോധിച്ചു വരുന്നതുമാണ്. കലക്ടേറ്റ് ഫയൽ നമ്പർ : DCKLM/5200/2020-L3) |

സെക്ഷൻ ഓഫീസർ